(ബി) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി 704 ജന്മിമാർക്ക് മുഴുവൻ ഭൂമിയും നഷ്ടപ്പെട്ടു;

(സി) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപ്രതിഫലം കൂടാതെ പ്രതിമാസം 500 രൂപ വീതം പെൻഷൻ നൽകിവരുന്നുണ്ട്.

**ഇടുക്കി ജില്ലയിലെ വികസന പദ്ധതികൾ**

163 [2601] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽനിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസനപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാം; ഇപ്പോൾ നടന്നുവരുന്നവ ഏതെല്ലാം; ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ ഇനത്തിനും ചെലവഴിച്ച തുക വ്യക്തമാക്കാമോ;

(ഡി) ആയതിലേക്കുള്ള സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

*ഉത്തരം*

(എ) റവന്യൂ വകുപ്പ് നേരിട്ടു നടത്തുന്ന വികസനപദ്ധതികൾ ഒന്നും നിലവിലില്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

**വാഗമൺ മേഖലയിൽ വ്യാജപട്ടയം**

164 [2602] *ശ്രീ. സി. പി. മുഹമ്മദ്:*
„ *ബി. വിജയകുമാർ:*
„ *പി. ടി. തോമസ്:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിൽ വ്യാജപട്ടയം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യാജപട്ടയത്തിന്റെ അടിസ്ഥാനത്തിൽ കൈവശം വച്ചിട്ടുള്ള ഭൂമിയുടെ അളവ് എത്രയാണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അര ഹെക്ടറിൽ കൂടുതൽ ഭൂമി വ്യാജപട്ടയപ്രകാരം കൈവശം വച്ചിട്ടുള്ള എത്രപേർ ആ മേഖലയിലുണ്ട്;

(സി) അര ഹെക്ടറോ അതിൽ താഴെയോ ഉള്ള ഭൂമി വ്യാജപട്ടയപ്രകാരം കൈവശം വച്ചിട്ടുള്ള എത്രപേർ ആ മേഖലയിലുണ്ട് എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2950.66 ഹെക്ടർ ഭൂമി കൈവശം വച്ചിട്ടുണ്ട്.

(ബി) & (സി) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് കസ്റ്റഡിയിലായതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

**കുളങ്ങൾ സംരക്ഷിക്കാൻ നടപടി**

165 [2603] *പ്രൊഫ. കെ. വി. തോമസ്:*
*ഡോ. എം. എ. കുട്ടപ്പൻ:*
*ശ്രീ. വർക്കല കഹാർ:*
*ശ്രീമതി മേഴ്സി രവി:*
*പ്രൊഫ. സാവിത്രി ലക്ഷ്മണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യു രേഖകളനുസരിച്ച് സംസ്ഥാനത്തുള്ള കുളങ്ങളുടെ എണ്ണമെത്ര; ഇവയിൽ നിലവിലുള്ള കുളങ്ങൾ എത്രയാണ്;

(ബി) ഈ കുളങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട്;

(സി) ഇവയിൽ വൃത്തിയില്ലാതെ ഇടിഞ്ഞു പൊളിഞ്ഞ് തകർന്നുകിടക്കുന്നവ നന്നാക്കുന്നതിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇല്ലെങ്കിൽ അവയെ വൃത്തിയാക്കി നന്നാക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ട കരാറോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമോ?

*ഉത്തരം*

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly